Page 1 of 1

**Shri E. Chandrasekharan Nair**: On a point of order, Sir. The hon. Member is supplying information to the Minister. Is it in order ?

പലരും ചോദിക്കുന്ന ചോദ്യങ്ങൾ സ്വീച്ചുമാതിരി ആയിപ്പോകുന്നുണ്ട്.

മി. സ്പീക്കർ: മന്ത്രിക്കു വിവരങ്ങൾ കൊടുത്തുകൊണ്ട് സംസാരിക്കുന്നതു ശരിയല്ല. പുതിയ മെമ്പറന്മാരായതുകൊണ്ട് അങ്ങനെ ചോദിക്കുന്നതിൽ ഒരു മാർജിൻ കൊടുക്കുന്നുണ്ട്. പഴയ മെമ്പറന്മാർ അങ്ങനെ ചോദിക്കുന്നതു ശരിയല്ല.

ശ്രീ. ഓ. കോരൻ: രണ്ടാം സ്റ്റേജിൽ ടി. എ. കൊടുക്കുന്നില്ല. അതിന്റെ പേരിൽ പ്രവർത്തനം മുമ്പോട്ടു പോകാതെയാണിരിക്കുന്നതു്.

ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കൽ: ടി. എ. പ്രശ്നം മാത്രമല്ല ബ്ലോക്കുകളെ സംബന്ധിച്ചിടത്തോളം വിവിധങ്ങളായ പ്രശ്നങ്ങളുണ്ട്. അതേ സംബന്ധിച്ച് ഒരു നയം പ്രഖ്യാപിക്കുന്നതാണ്.

## പ്രൈമറിഹെൽത്തു സെൻററുകൾ

* 42. [6] ശ്രീ. പി. എസ്സ്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേററിൽ എത്ര പ്രൈമറി ഹെൽത്തു സെൻററുകൾ ഉണ്ട്;

(ബി) വൈക്കം ബ്ലോക്കിലെ പ്രൈമറി ഹെൽത്തു സെൻററിനുവേണ്ടി നിർമ്മിച്ചിട്ടുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നു്;

(ഡി) ഇപ്പോൾ മറെറാരു കെട്ടിടത്തിൽ നടക്കുന്ന പ്രസ്തുത സെൻറർ ഈ ബിൽഡിംഗിലേക്ക് ഉടനെതന്നെ മാററി സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ):

(എ) സ്റ്റേററിൽ 162 പ്രൈമറി ഹെൽത്തു സെൻററുകളുണ്ട്.

(ബി) വൈക്കം ബ്ലോക്കിലെ പ്രൈമറി ഹെൽത്തു സെൻററിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായി. എന്നാൽ കാമ്പൗണ്ട് വാൾ, വാട്ടർ സപ്ലൈ, വൈദ്യുതീകരണം എന്നിവയുടെ പ്രവൃത്തി തീരേണ്ടതായുണ്ട്.

(സി) കെട്ടിടത്തിന്റെപണി 1966 ജൂൺ മാസത്തിൽ പൂർത്തിയായി.

(ഡി) വൈദ്യുതീകരണ ജോലികൾ പൂർത്തിയായാൽ പ്രസ്തുത സെൻറർ ഈ ബിൽഡിംഗിലേക്ക് മാററി സ്ഥാപിക്കുന്നതാണ്.

ശ്രീ. പി. എസ്സ്. ശ്രീനിവാസൻ: വൈദ്യുതീകരണ ജോലികൾ പൂർത്തിയാക്കാൻ എത്രകാലമെടുക്കും?

ശ്രീ. ബി. വെല്ലിംഗ്ടൺ: വലിയ താമസമുണ്ടാകുകയില്ല.

ശ്രീ. കെ. ടി. ജേക്കബ്: വളരെ വിസ്തൃതമായ പ്രദേശങ്ങളിൽ ഹെൽത്തു യൂണിററുകളുടെ പ്രവർത്തനം ശരിയായി നടക്കുന്നില്ല. ഹൈറേഞ്ച് പ്രദേശത്തു് വൈദ്യ സഹായത്തിനു വേണ്ട ഏർപ്പാടുകൾ ഇന്നില്ല. അങ്ങിനെയുള്ള സ്ഥലത്തേക്കുകൂടി ഹെൽത്തു യൂണിററുകളുടെ പ്രവർത്തനം വ്യാപിപ്പിയ്ക്കുമോ?

LIBRARY ARCHIVES Kerala legislative Assembley